ഉത്തരം

(എ) സംസ്ഥാനത്ത് 1992-ൽ അംഗീകരിച്ച ജലനയം നിലവിലുണ്ട്. ഇതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സമഗ്രമായ ജലനയം ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 29-11-2002-ൽ നടന്ന ഉന്നതാധികാര സമിതി മീറ്റിംഗിൽ 1992-ൽ അംഗീകരിച്ച സംസ്ഥാന ജലനയം പരിഷ്ക്കരിക്കാൻ വേണ്ടി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചും ഈ സമിതി പുതിയ ജലനയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. കരട് ഇപ്പോൾ പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി ആന്റ് ഇ) പ്രഗത്ഭരും പരിചയ സമ്പന്നരുമായ ഉദ്യോഗസ്ഥർ അടങ്ങിയ ഒരു വിദഗ്ദ്ധ സമിതിയെയാണ് ജലനയം പരിഷ്ക്കരിക്കാൻ വേണ്ടി രൂപീകരിച്ചിട്ടുള്ളത്. ജലസംരക്ഷണം, നദികളും ജലസംഭരണികളുടെയും ഉറവിടങ്ങളുടെയും നിലനിർത്തൽ, ഭൂവിനിയോഗം മുതലായ വിഷയങ്ങളെക്കുറിച്ച് സമഗ്രമായി ചർച്ച നടത്തിയാണ് പുതിയ ജലനയത്തിന്റെ കരട് തയ്യാറാക്കിയത്. പഠനം നടത്തിയതിന്റെ റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല.

സംസ്ഥാനത്തെ മഴയുടെ തോതും പ്രതിദിന ഉപഭോഗവും

25 [188] ശ്രീ. എഴുകോൺ നാരായണൻ:

" ഡി. സുഗതൻ:

" വി. ഡി. സതീശൻ:

" എം. മുരളി:

" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മഴയുടെ ലഭ്യതയനുസരിച്ച് സംസ്ഥാനത്തുള്ള ഓരോരുത്തർക്കും പ്രതിദിനം എത്ര വെള്ളം കിട്ടാനർഹതയുണ്ടെന്ന് പറയാമോ;

(ബി) ഭൂഗർഭ ജലലഭ്യതയനുസരിച്ച് സംസ്ഥാനത്തുള്ള ഓരോരുത്തർക്കും പ്രതിദിനം എത്രവെള്ളം ലഭിക്കേണ്ടതുണ്ട്;

(സി) സംസ്ഥാനത്ത് യഥാർത്ഥത്തിൽ ഓരോരുത്തർക്കും പ്രതിദിനം ലഭിക്കുന്ന വെള്ളമെത്രയാണ്;

(ഡി) ദേശീയവും അന്തർദേശീയവുമായ കണക്കനുസരിച്ച് ഓരാളിന് പ്രതിദിനം ലഭിക്കുന്ന വെള്ളമെത്രയാണ്;

(ഇ) സംസ്ഥാനത്തെ ജലലഭ്യതയനുസരിച്ച് ഓരോ പ്രദേശത്തും എന്തെല്ലാം കൃഷി ചെയ്യാമെന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ വിവരം അതത് പ്രദേശത്തുള്ളവരെ അറിയിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ മൊത്തം മഴയുടെ ലഭ്യതയനുസരിച്ച് സംസ്ഥാനത്തുള്ള ഓരോരുത്തർക്കും പ്രതിദിനം 10,045 ലിറ്റർ വെള്ളം കിട്ടാൻ അർഹതയുണ്ടെന്ന് കണക്കാക്കാം.

(ബി) ഭൂഗർഭ ജലലഭ്യതയനുസരിച്ച് സംസ്ഥാനത്തിലുള്ള ഓരോരുത്തർക്കും പ്രതിദിനം 502 ലിറ്റർ വെള്ളം ലഭിക്കാവുന്നതാണ്.

(സി) കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രതിദിനം പ്രതിശീർഷ കുടിവെള്ളത്തിന്റെ അളവ് ഗ്രാമ പ്രദേശത്ത് 40 ലിറ്ററും നഗര പ്രദേശത്ത് 70 ലിറ്ററുമാണ്. കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ കൊണ്ട് 79% നഗരവാസികൾക്കും 57% ഗ്രാമീണർക്കും (ആകെ 68%) പ്രയോജനം ലഭിക്കുന്നുണ്ട്.

(ഡി) വിശദവിവരം ലഭ്യമല്ല.

(ഇ) ഈ വിധത്തിലുള്ള ഒരു പഠനം ജലവിഭവ വകുപ്പ് നടത്തിയിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

കഴിഞ്ഞകാലങ്ങളിൽ ലഭിച്ച മഴയുടെ ശരാശരി അളവ്

26 [189] ശ്രീ. ജോർജ് ജെ. മാത്യു:
" കെ. പി. വിശ്വനാഥൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. പി. ഗംഗാധരൻ:
" കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അഞ്ചുവർഷക്കാലം ലഭിച്ച മഴയുടെ ശരാശരി അളവെത്ര;

(ബി) കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്ത് കിട്ടുന്ന ശരാശരി മഴയുടെ അളവ് കുറഞ്ഞുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വരൾച്ച ഉണ്ടാകാതെ വെള്ളം സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമക്കുമോ?

ഉത്തരം

(എ) 252 സെ. മീറ്റർ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly